ശ്രീമതി ശാന്തകുമാരി കെ.: സർ, കേരളത്തിലെ പട്ടികജാതി സഹകരണ സംഘങ്ങൾ വളരെ പരാധീനതയിലും ഏറ്റെടുത്തിട്ടുള്ള അതിന്റെ പ്രവർത്തനം നടത്തിക്കൊണ്ടുപോകാൻ കഴിയാത്തൊരു അവസ്ഥയിലാണ്. ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പട്ടികജാതി സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനുവേണ്ടി എന്തെല്ലാം പദ്ധതികളാണ് സംസ്ഥാന സർക്കാർ മുന്നോട്ടുവയ്ക്കുന്നത്?

ശ്രീ. വി. എൻ. വാസവൻ: സർ, കഴിഞ്ഞ ദിവസം സഹകരണ സംഘങ്ങളുടെ അപ്പെക്സ് ബോഡിയുടെ യോഗം വിളിച്ചുചേർക്കുകയുണ്ടായി. സമീപകാലഭാവിയിൽ നിർജ്ജീവമായിക്കിടക്കുന്ന എല്ലാ സംഘങ്ങളും പുനരുദ്ധരിക്കാനും അവർക്ക് ആവശ്യമായ സാമ്പത്തികസഹായം നൽകി വിവിധ പ്രോജക്ടുകൾ ഏറ്റെടുക്കാനുമുള്ള തീരുമാനങ്ങൾ എടുത്തുകഴിഞ്ഞിട്ടുണ്ട്.

മി. സ്പീക്കർ: *32-ാം നമ്പർ ചോദ്യവുമായി *55-ാം നമ്പർ ചോദ്യം ക്ലബ്ബ് ചെയ്യുന്നതിന് ശ്രീ. കെ. ഡി. പ്രസേനൻ നോട്ടീസ് നൽകിയിട്ടുണ്ട്. സമാനമായതുകൊണ്ട് ക്ലബ്ബിംഗ് അനുവദിക്കുന്നു. രണ്ട് ചോദ്യങ്ങൾക്കുംകൂടി ബഹുമാനപ്പെട്ട മന്ത്രിക്ക് ഒരുമിച്ച് മറുപടി പറയാവുന്നതാണ്. ഇനി മുതൽ ക്ലബ്ബിംഗിന്റെ കാര്യത്തിൽ ഒരു നിയന്ത്രണം ഏർപ്പെടുത്തേണ്ടതായി വരും. അനിയന്ത്രിതമായി ക്ലബ്ബിംഗിന്റെ ആവശ്യം വന്നുകൊണ്ടിരിക്കുന്നത് അംഗീകരിക്കാനാകില്ല.

**വ്യവസായ സൗഹൃദാന്തരീക്ഷം മെച്ചപ്പെടുത്താൻ നടപടി**

2 (*32) ശ്രീ. പി. വി. ശ്രീനിജിൻ:
ഡോ. കെ. ടി. ജലീൽ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വികസനത്തിന് സംസ്ഥാനം പ്രത്യേക ഊന്നൽ നൽകുന്ന സമീപനം അവസരമായിക്കണ്ട് ഒറ്റപ്പെട്ട ചിലർ പ്രകൃതി വിഭവങ്ങളുടെ അനിയന്ത്രിത ചൂഷണം, തൊഴിലാളി വിരുദ്ധത, വ്യവസായ സ്ഥാപനങ്ങൾക്കുമേൽ യാതൊരുവിധ നിയമപരമായ നിയന്ത്രണങ്ങളും പാടില്ലെന്ന നിലപാട് എന്നിവ സ്വീകരിക്കുന്നതായി ആക്ഷേപം ഉയരുന്ന പശ്ചാത്തലത്തിൽ സംസ്ഥാനം ലക്ഷ്യമാക്കുന്ന ഉത്തരവാദിത്ത നിക്ഷേപ നയത്തെക്കുറിച്ച് വിശദമാക്കാമോ;

(ബി) വിവിധ സേവനങ്ങളും അനുമതികളും നൽകുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് അലംഭാവമുണ്ടാകുന്നുവെന്ന ആക്ഷേപം ഉയരുന്നത് പരിശോധിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സംരംഭക സമൂഹത്തിന്റെകൂടി അഭിപ്രായം ആരാഞ്ഞുകൊണ്ട് സംരംഭം ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കാനും കാലവിളംബം ഒഴിവാക്കാനും ഉതകുന്ന തരത്തിൽ നിയമങ്ങളിലും ചട്ടങ്ങളിലും ഉചിതമായ പരിഷ്കരണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, (എ) പരിസ്ഥിതിക്ക് അനുയോജ്യവും താരതമ്യേന മലിനീകരണം കുറഞ്ഞതുമായ വ്യവസായങ്ങൾ ആവാസവ്യവസ്ഥയ്ക്ക് അനുയോജ്യമാണെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ് പരിസ്ഥിതി, സാമൂഹികം, ഭരണ നിർവ്വഹണം എന്നിവ മുൻനിർത്തി ഉത്തരവാദിത്ത നിക്ഷേപ കാഴ്ചപ്പാട് (ESG) ലോകത്താകമാനം പ്രസിദ്ധിയാർജ്ജിച്ചുവരുന്നത്. ESG നിക്ഷേപത്തിന്റെ ഒന്നാം ലക്ഷ്യസ്ഥാനമായി കേരളത്തെ മാറ്റുന്നതിനുള്ള നയരൂപീകരണം സർക്കാരിന്റെ പരിഗണനയിലാണ്. പ്രകൃതി സൗഹൃദ വ്യവസായങ്ങൾക്കുള്ള പ്രോത്സാഹനം, ഏകീകൃത പരിശോധനാ സംവിധാനം എന്നിവ ഇത്തരത്തിൽ ഉത്തരവാദിത്ത നിക്ഷേപം പ്രോത്സാഹിപ്പിക്കാൻ സഹായിക്കുന്നതാണ്. 2019-ൽ നിലവിൽവന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ടിൽ, പുതിയതായി ആരംഭിക്കുന്ന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽപ്പെടാത്ത സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് സംസ്ഥാന നിയമപ്രകാരമുള്ള ലൈസൻസുകൾ സ്വയം സാക്ഷ്യപ്പെടുത്തൽവഴി മൂന്ന് വർഷത്തേയ്ക്ക് ഒഴിവാക്കിയിട്ടുണ്ട്. ജില്ലാ വ്യവസായ കേന്ദ്രങ്ങൾവഴി നടപ്പിലാക്കുന്ന സംരംഭക സഹായ പദ്ധതിയിൽ (ESS) പരിസ്ഥിതി മലിനീകരണം കുറയ്ക്കുന്നതിന് സഹായിക്കുന്ന സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ബയോ ഡീഗ്രേഡബിൾ പ്ലാസ്റ്റിക് ഇൻഡസ്ട്രീസ്, പ്ലാസ്റ്റിക് വേസ്റ്റ് റീസൈക്ലിംഗ് ഇൻഡസ്ട്രീസ് എന്നീ വിഭാഗത്തിൽപ്പെട്ട സംരംഭങ്ങളെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി 10% അധിക സബ്സിഡി നൽകിവരുന്നുണ്ട്. വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിൽ നിക്ഷേപകർക്ക് പ്രയോജനപ്രദമാകുന്ന വിധത്തിൽ പദ്ധതികളെയും സേവനങ്ങളെയും സംബന്ധിച്ച വിശദാംശങ്ങൾ ഓൺലൈൻ സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിനുള്ള പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. വിവിധ സേവനങ്ങളും അനുമതികളും നൽകുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് ചില സന്ദർഭങ്ങളിൽ അലംഭാവം ഉണ്ടാകുന്നുവെന്ന ആക്ഷേപം പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ സിവിൽ കോടതിയുടെ അധികാരമുള്ള ജില്ലാ/സംസ്ഥാന പരാതി പരിഹാര കമ്മിറ്റി രൂപീകരിക്കുന്നതിലേയ്ക്കായി സർക്കാർ 2021-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ഓർഡിനൻസ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഭേദഗതി ഓർഡിനൻസ് പ്രകാരം

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനോ പ്രവർത്തിപ്പിക്കുന്നതിനോ വിപുലീകരിക്കുന്നതിനോ വൈവിദ്ധ്യവൽക്കരിക്കുന്നതിനോ ആധുനിക വൽക്കരിക്കുന്നതിനോ വിവിധ സംസ്ഥാന നിയമങ്ങൾക്കുകീഴിൽ ആവശ്യമായ ക്ലിയറൻസുകളോ സർട്ടിഫിക്കറ്റുകളോ ലൈസൻസുകളോ പെർമിറ്റുകളോ അനുമതിയോ അതിന്റെ പുതുക്കൽ ലഭിക്കുന്നതിനോ അതിന് ആനുഷംഗികമായ ഏതെങ്കിലും കാര്യത്തിനോവേണ്ടി അപേക്ഷ സമർപ്പിച്ച ഒരാൾക്ക് പ്രസ്തുത നിയമപ്രകാരം ടി കമ്മിറ്റി വ്യവസ്ഥ ചെയ്തിട്ടുള്ള സമയപരിധിക്കുള്ളിൽ സേവനങ്ങൾ നല്കുന്നുണ്ടെന്ന് നിരീക്ഷിക്കുന്നതിനും അപ്രകാരമുള്ളവരുടെ പരാതി കാര്യക്ഷമമായ രീതിയിൽ പരിഹരിക്കുന്നതിനും മതിയായതും ന്യായമായതുമായ കാരണങ്ങൾ കൂടാതെ സമയപരിധിക്കുള്ളിൽ സേവനം നല്കുന്നതിൽ വീഴ്ച വരുത്തുകയോ കാലതാമസം വരുത്തുകയോ ചെയ്യുന്ന നിയുക്ത ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കാനും ജില്ലാ/സംസ്ഥാന പരാതിപരിഹാര കമ്മിറ്റികൾക്ക് അധികാരം നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) സംസ്ഥാനത്ത് വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങളിലോ ചട്ടങ്ങളിലോ കാലഹരണപ്പെട്ടതും യുക്തിരഹിതവുമായ ഏതെങ്കിലും വ്യവസ്ഥകൾ നിലനിൽക്കുന്നുണ്ടെങ്കിൽ ആയത് പഠനം നടത്തി വ്യക്തമായ ശിപാർശയോടുകൂടി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു മൂന്നംഗ വിദഗ്ദ്ധ സമിതിയെ നിയമിച്ചിട്ടുണ്ട്. NUALS (National University of Advanced Legal Studies)-ന്റെ വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിലുള്ള പ്രസ്തുത കമ്മിറ്റി വ്യവസായസമൂഹവുമായും വിവിധ വ്യവസായ അസോസ്സിയേഷനുകളുമായും കൂടിയാലോചന നടത്തി അവരുടെ പരാതികളും നിർദ്ദേശങ്ങളും സ്വീകരിച്ച്, പ്രസക്തമായ എല്ലാ നിയമങ്ങളുടെയും ചട്ടങ്ങളുടെയും സൂക്ഷ്മ വിശകലനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3 (*55) ശ്രീമതി ദെലീമ:
ശ്രീ. വി. കെ. പ്രശാന്ത്:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലനിൽക്കുന്ന വ്യവസായ സൗഹൃദാന്തരീക്ഷം മെച്ചപ്പെടുത്താൻ നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) നിക്ഷേപകരുടെ പരാതി പരിഹരിക്കാൻ സിവിൽ കോടതിയുടെ അധികാരമുള്ള നിയമപരിഹാര സമിതി രൂപീകരിക്കാൻ നിയമപ്രാബല്യം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സമിതി രൂപീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പരാതി പരിഹാരത്തിനുപുറമെ വ്യവസായം തുടങ്ങാനും നടത്താനുംവേണ്ട നിയമസഹായവും പ്രസ്തുത സമിതിവഴി നൽകാനുദ്ദേശിക്കുന്നുണ്ടോ;

(ഡി) സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള ധനസഹായ പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, (എ) വ്യവസായ സൗഹൃദാന്തരീക്ഷം ഒരു പ്രത്യേക നയമായി സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. സംസ്ഥാനത്തെ വ്യവസായന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും അവ സുഗമമായി പ്രവർത്തിക്കുന്നതിനുംവേണ്ട നിയമനിർമ്മാണങ്ങൾ കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്തുതന്നെ തുടങ്ങിവച്ചിരുന്നു. 2018-ൽ നടപ്പിലാക്കിയ 'കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം', 2019-ലെ 'കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' എന്നിവ ഈ ഉദ്ദേശ്യത്തോടെ നടപ്പിലാക്കിയ നിയമനിർമ്മാണങ്ങളാണ്. വ്യവസായ സ്ഥാപനങ്ങളിൽ വിവിധ വകുപ്പുകൾ നടത്തുന്ന പരിശോധനകൾ സുതാര്യമാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുംവേണ്ടി കെ-സിസ് (Kerala-Centralised Inspection System) എന്ന ഓൺലൈൻ കേന്ദ്രീകൃത പരിശോധനാ സംവിധാനം സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. അഞ്ച് വകുപ്പുകളെ സംയോജിപ്പിച്ചാണ് കേന്ദ്രീകൃത പരിശോധനാ സൗകര്യം ഒരുക്കിയിട്ടുള്ളത്. ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ്, തൊഴിൽ, ലീഗൽ മെട്രോളജി, മലിനീകരണ നിയന്ത്രണ ബോർഡ്, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളുടെ പരിശോധനകൾ കേന്ദ്രീകൃതമായി പോർട്ടലിലൂടെ നടത്തും. പരിശോധനയ്ക്കുശേഷം അതുസംബന്ധിച്ച റിപ്പോർട്ട് 48 മണിക്കൂറിനുള്ളിൽ കെ-സിസ് പോർട്ടലിൽ പ്രസിദ്ധീകരിക്കും. സംസ്ഥാനത്ത് സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള അപേക്ഷകളിന്മേൽ സമയബന്ധിതമായി അനുമതികൾ ലഭ്യമാക്കുന്നതിനും നിക്ഷേപകരുമായി സജീവബന്ധം സ്ഥാപിക്കുന്നതിനും സംസ്ഥാനത്തെ ഉയർന്ന സാമ്പത്തിക സാദ്ധ്യതകളുള്ള മേഖലകളിലേയ്ക്ക് നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി 'കേരളാ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ സെൽ' (KIPF) സർക്കാർ രൂപീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥർ മേൽപ്പറഞ്ഞ സെല്ലുകളിൽ അംഗങ്ങളാണ്. സംസ്ഥാനത്തെ വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതിനും അവ സമയബന്ധിതമായി പരിഹരിക്കുന്നതിനും

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ജില്ലാടിസ്ഥാനത്തിലും സംസ്ഥാനതലത്തിലും നിയമപിന്തുണയുള്ള പരാതിപരിഹാര കമ്മിറ്റികൾ രൂപീകരിക്കുന്നതിലേയ്ക്കായി സർക്കാർ 2021-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ഓർഡിനൻസ് പുറപ്പെടുവിക്കുകയുണ്ടായി. സംസ്ഥാനത്ത് വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങളിലും ചട്ടങ്ങളിലും കാലഹരണപ്പെട്ടതും യുക്തിരഹിതവുമായ ഏതെങ്കിലും വ്യവസ്ഥകൾ നിലനിൽക്കുന്നുണ്ടെങ്കിൽ ആയത് പഠനം നടത്തി വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ റിപ്പോർട്ട് സമർപ്പിക്കുന്നതിന് മൂന്നംഗ വിദഗ്ദ്ധ സമിതിയെ നിയമിച്ചിട്ടുണ്ട്. NUALS വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിലുള്ള പ്രസ്തുത കമ്മിറ്റി വ്യവസായ സമൂഹവുമായും വിവിധ വ്യവസായ അസോസിയേഷനുകളുമായും കൂടിയാലോചനകൾ നടത്തി അവരുടെ പരാതികളും നിർദ്ദേശങ്ങളും സ്വീകരിച്ചുകൊണ്ട് റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് വ്യാവസായിക നിക്ഷേപം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള വ്യവസായസംരംഭകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവരുടെ നിക്ഷേപ അപേക്ഷകൾക്ക് എന്തെങ്കിലും വകുപ്പുതല കാലതാമസമുണ്ടെങ്കിൽ അവ പരിഹരിക്കാനുമായി ജില്ലാതലത്തിൽ 'മീറ്റ് ദി മിനിസ്റ്റർ' പരിപാടി വിജയകരമായി നടത്തിവരികയാണ്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും വകുപ്പ് സെക്രട്ടറിമാർ, വിവിധ വകുപ്പുമേധാവികൾ എന്നിവരുടെ സാന്നിദ്ധ്യത്തിലും നടത്തുന്ന ഈ പരിപാടിയിൽ വ്യവസായ സംരംഭകരുമായി ബന്ധപ്പെട്ട പല പ്രശ്നങ്ങൾക്കും പരിഹാരം കാണാനും കഴിഞ്ഞിട്ടുണ്ട്. 10 ജില്ലകളിൽ ഇതിനോടകംതന്നെ 'മീറ്റ് ദി മിനിസ്റ്റർ' പരിപാടി നടത്തുകയുണ്ടായി. അവയുടെ തുടർനടപടികൾ വിവിധ സർക്കാർ ഏജൻസികളുമായി ഏകോപിപ്പിച്ച് നടത്തിവരുന്നു.

(ബി&സി) ഉണ്ട്. നിക്ഷേപകരുടെ പരാതി പരിഹരിക്കുക എന്ന ലക്ഷ്യത്തോടുകൂടി സിവിൽ കോടതിയുടെ അധികാരമുള്ള ജില്ലാ/സംസ്ഥാന പരാതി പരിഹാര കമ്മിറ്റി രൂപീകരിക്കുന്നതിലേയ്ക്കായി സർക്കാർ 2021-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ഓർഡിനൻസ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഭേദഗതി ഓർഡിനൻസ് പ്രകാരം വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനോ പ്രവർത്തിപ്പിക്കുന്നതിനോ വിപുലീകരിക്കുന്നതിനോ വൈവിദ്ധ്യവൽക്കരിക്കുന്നതിനോ ആധുനികവൽക്കരിക്കുന്നതിനോ വിവിധ സംസ്ഥാനനിയമങ്ങൾക്കുകീഴിൽ ആവശ്യമായ ക്ലിയറൻസുകളോ സർട്ടിഫിക്കറ്റുകളോ

ലൈസൻസുകളോ പെർമിറ്റുകളോ അനുമതിയോ അതിന്റെ പുതുക്കൽ ലഭിക്കുന്നതിനോ അതിന് ആനുഷംഗികമായ ഏതെങ്കിലും കാര്യത്തിനോവേണ്ടി അപേക്ഷ സമർപ്പിച്ച ഒരാൾക്ക് പ്രസ്തുത നിയമപ്രകാരം ടി കമ്മിറ്റി വ്യവസ്ഥ ചെയ്തിട്ടുള്ള സമയപരിധിക്കുള്ളിൽ സേവനങ്ങൾ നല്കുന്നുണ്ടെന്ന് നിരീക്ഷിക്കുന്നതിനും അപ്രകാരമുള്ളവരുടെ പരാതി കാര്യക്ഷമമായ രീതിയിൽ പരിഹരിക്കുന്നതിനും മതിയായതും ന്യായമായതുമായ കാരണങ്ങൾ കൂടാതെ സമയപരിധിക്കുള്ളിൽ സേവനം നല്കുന്നതിൽ വീഴ്ചവരുത്തുകയോ കാലതാമസം വരുത്തുകയോ ചെയ്യുന്ന ഒരു നിയുക്ത ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കാനും ജില്ലാ/സംസ്ഥാന പരാതിപരിഹാര കമ്മിറ്റികൾക്ക് അധികാരം നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിനുവേണ്ടി വിവിധ സാമ്പത്തിക സഹായ പദ്ധതികളും മറ്റു പദ്ധതികളും DIC, KSIDC, KINFRA മുഖേന ആവിഷ്കരിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

**DIC**

- സംരംഭക സഹായ പദ്ധതി
- നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി
- ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ്
- പ്രവർത്തനരഹിതമായ എം.എസ്.എം.ഇ. യൂണിറ്റുകളെ പിന്തുണയ്ക്കാനുള്ള പദ്ധതികൾ
- വ്യവസായഭദ്രത കൂടാതെ കോവിഡ് രണ്ടാംതരംഗത്തെത്തുടർന്ന് വ്യവസായത്തെ പിന്തുണയ്ക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി, COVID-19 സമാശ്വാസ പദ്ധതി എന്ന പേരിൽ ഒരു ദുരിതാശ്വാസ പാക്കേജ് ഈ സർക്കാർ രൂപീകരിച്ചിട്ടുണ്ട്. പാക്കേജിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കുന്ന Scheme for interest Subvention on term Loan and Working Capital Loan (വ്യവസായ ഭദ്രത), സംരംഭക സഹായ പദ്ധതി (ESS), ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണി ഗ്രാന്റ് പദ്ധതി, നാനോ യൂണിറ്റുകൾക്കുള്ള പലിശയയിളവ് പദ്ധതി എന്നിവയിൽ കൂടുതൽ ഇളവുകൾ പ്രഖ്യാപിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

**KINFRA**

- ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം, കാക്കഞ്ചേരി, മലപ്പുറം
- ഐ.ടി/ഐ.ടി. അധിഷ്ഠിത കെട്ടിട സമുച്ചയം-പ്രത്യേക സാമ്പത്തിക മേഖല, കിൻഫ്ര ഫിലിം & വീഡിയോ പാർക്ക്, തിരുവനന്തപുരം
- കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി
- പെട്രോ കെമിക്കൽ പാർക്ക്, എറണാകുളം
- ഡിഫൻസ് പാർക്ക്, ഒറ്റപ്പാലം
- സ്പൈസസ് പാർക്ക്, ഇടുക്കി
- മെഗാ ഫുഡ്പാർക്ക്, പാലക്കാട്
- ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്, എറണാകുളം
- കിൻഫ്ര വ്യവസായ പാർക്ക്, മട്ടന്നൂർ
- ഇന്റഗ്രേറ്റഡ് റൈസ് ടെക്നോളജി പാർക്ക്, ആലപ്പുഴ & പാലക്കാട്

**KSIDC**

ചെറുകിട, ഇടത്തരം വ്യവസായങ്ങൾക്ക് കെ.എസ്.ഐ.ഡി.സി. കുറഞ്ഞ പലിശനിരക്കിൽ (നിലവിൽ 8.75% -10.75%) 10,000 ലക്ഷം രൂപ വരെ വായ്പയായി നൽകിവരുന്നു. ഓരോ ആറ് മാസത്തിന്റെയും അവസാനം കുടിശ്ശിക ഇല്ലെങ്കിൽ പലിശനിരക്കിൽ അര ശതമാനംവരെ (ബാക്കിയുള്ള മുതലിന്റെ അടിസ്ഥാനത്തിൽ) വീണ്ടും കുറവ് നൽകിവരുന്നു. കൂടാതെ, ഈ പ്രോജക്ടുകളിൽ പ്രൊമോട്ടർമാർ കൊണ്ടുവരേണ്ട വിഹിതം 50% വരെ അൺസെക്യൂർഡ് വായ്പയായി കൊണ്ടുവരാൻ അനുവദിച്ചിട്ടുണ്ട്. പ്രത്യേക പരിഗണനാ വിഭാഗത്തിലുള്ള പ്രോജക്ടുകളിൽ വായ്പ-ഇക്വിറ്റി അനുപാതം 1.5:1 വരെ അധിക ഈട് ഇല്ലാതെയും വായ്പ-ഇക്വിറ്റി അനുപാതം 2:1 വരെ 1.5:1-നുമുകളിലുള്ള തുകയ്ക്ക് അധിക ഈടോടുകൂടിയും വായ്പ നൽകിവരുന്നു. മറ്റ് പ്രോജക്ടുകൾക്ക് ഇത് യഥാക്രമം 1:1-ഉം 1.5:1-ഉം ആണ്. ഭക്ഷ്യസംസ്കരണം, കാർഷികാധിഷ്ഠിത വ്യവസായങ്ങൾ എന്നിവയ്ക്ക് സാമ്പത്തികസഹായം നൽകുന്നതിന് നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായിട്ടുള്ള പ്രത്യേക പരിഗണനയും കെ.എസ്.ഐ.ഡി.സി. നൽകിവരുന്നുണ്ട്. മാത്രമല്ല കോവിഡ് മഹാമാരി ബാധിക്കപ്പെട്ട എല്ലാ വ്യവസായങ്ങൾക്കും കോവിഡ്-19 സമാശ്വാസ പദ്ധതി പാക്കേജ് അനുസരിച്ച് പ്രവർത്തനമൂലധനത്തിനായി കുറഞ്ഞ പലിശനിരക്കിൽ ഹ്രസ്വകാല വായ്പകൾ,

LIBRARY ARCHIVES Kerala Legislative Assembly

തിരിച്ചുവരുന്ന പ്രവാസികൾക്ക് പ്രത്യേക സോഫ്റ്റ് ലോൺ പദ്ധതി, പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, വായ്പാ തിരിച്ചടവിന് കൂടുതൽ സമയംനൽകൽ, ഒരു വർഷത്തേയ്ക്ക് പിഴപ്പലിശ ഒഴിവാക്കൽ, മൂന്നു മാസത്തേയ്ക്കുള്ള പലിശ ഒഴിവാക്കൽ, മൂന്നുമാസത്തേയ്ക്ക് കെ.എസ്.ഐ.ഡി.സി-യുടെ എസ്.ഡി.എഫ്-കളിലുള്ള യൂണിറ്റുകളുടെ വാടകയും പൊതുസൗകര്യ ചാർജ്ജുകളും ഒഴിവാക്കൽ, വിലയുടെ 20% മുൻകൂർ അടവോടും ബാക്കി 80% അഞ്ചുവർഷംകൊണ്ട് പലിശരഹിത അടവോടുംകൂടി വ്യാവസായിക വളർച്ചാ കേന്ദ്രങ്ങളിൽനിന്നും അർഹരായ സംരംഭകർക്ക് ആവശ്യമായ ഭൂമി അനുവദിക്കൽ തുടങ്ങിയ ഇളവുകൾ കെ.എസ്.ഐ.ഡി.സി-യുമായി ബന്ധപ്പെട്ട് നടപ്പിലാക്കിവരുന്നു. മാത്രമല്ല, പുതിയ ഉത്പാദന വ്യവസായങ്ങൾക്ക് (MSME) കേരള സർക്കാരിന്റെ സംരംഭകത്വ സഹായ പദ്ധതി (ESS) പ്രകാരം 40 ലക്ഷം രൂപ വരെ സഹായധനം നൽകുന്നുണ്ട്.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, കേരളത്തിലെ വ്യാവസായികാന്തരീക്ഷം മോശമാണെന്നതരത്തിൽ ചില ദൃശ്യമാധ്യമങ്ങളുടെയും ഓൺലൈൻ മാധ്യമങ്ങളുടെയും സഹായത്താൽ വ്യാജപ്രചരണം നടത്തുന്ന ഒരു കോർപ്പറേറ്റ് കമ്പനിയുടെ നീക്കത്തെ മറികടക്കുവാനും കൂടുതൽ വ്യവസായങ്ങളെ കേരളത്തിലേയ്ക്ക് കൊണ്ടുവരുന്നതിനുംവേണ്ടി വ്യവസായ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കാമോ?

ശ്രീ. പി. രാജീവ്: സർ, കേരളത്തിലെ വ്യാവസായികാന്തരീക്ഷം പൊതുവെ നല്ല നിലയിലാണ് പോകുന്നത്. ലോക ബാങ്കിന്റെ ലേറ്റസ്റ്റ് റിപ്പോർട്ടുപ്രകാരം നിക്ഷേപാന്തരീക്ഷത്തിന്റെ കാര്യത്തിൽ ഇന്ത്യയിൽ രണ്ടാം സ്ഥാനം കേരളത്തിനാണുള്ളതെന്ന കാര്യം ഞാൻ അഭിമാനപൂർവ്വം സഭയെ അറിയിക്കുകയാണ്. അതോടൊപ്പംതന്നെ ഇന്ത്യയിലെ നിക്ഷേപകരുടെ ഏറ്റവും പ്രധാന സംഘടനയായ Confederation of Indian Industry (CII) ഇന്ത്യയിലെ ഏറ്റവും നല്ല ഏകജാലക സംവിധാനം കേരളത്തിന്റേതാണെന്ന് പരസ്യമായിത്തന്നെ അറിയിക്കുകയുമുണ്ടായി. എന്നാൽ, ഒറ്റപ്പെട്ട സംഭവങ്ങൾ നമ്മുടെ നാടിന് എതിരായുള്ള വികാരം ഉയർത്തിവിടുന്നതിന് ചില ശക്തികൾ ഉപയോഗിക്കുന്നുവെന്ന് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് ശരിയാണ്. മറ്റ് സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായൊരു നിയമസംവിധാനം കേരളത്തിൽ നിലനിൽക്കുന്നുണ്ട്. ആന്ധ്രാപ്രദേശിലെ വാറംകലിൽ താപ്പർ ഗ്രൂപ്പ് (Thapar Group)-ന് Andhra Pradesh Rayons (AP Rayons) എന്ന പ്രധാനപ്പെട്ട കമ്പനിയുണ്ട്. കുറച്ച് വർഷങ്ങൾക്കുമുമ്പ് ആ കമ്പനി തൊഴിൽ നിയമങ്ങൾ ലംഘിക്കുന്നുവെന്ന ആക്ഷേപമുയർന്നപ്പോൾ അവിടെ പരിശോധനയ്ക്കുപകരം

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനത്തിലെ അസിസ്റ്റന്റ് ജനറൽ മാനേജർ രാമകൃഷ്ണയെ വെടിവച്ച് കൊല്ലുകയാണുണ്ടായത്, സീനിയർ ജനറൽ മാനേജർ സദാനന്ദയ്ക്ക് ഗുരുതരമായി പരിക്കേൽക്കുകയുമുണ്ടായി, ഇതാണ് വാറങ്കലിന്റെ അനുഭവം. ആ ജില്ലയിലെ 2017-ൽ ആരംഭിച്ച കാകതീയ മെഗാ ടെക്സ്റ്റൈൽ പാർക്കിൽ (Kakatiya Mega Textile Park) ഇതേവരെ ആരും നിക്ഷേപം ആരംഭിച്ചിട്ടില്ലെന്ന കാര്യംകൂടി നമ്മൾ കാണേണ്ടതുണ്ട്. അവിടെയുള്ള സ്ഥിതി കേരളത്തിൽനിന്നും വ്യത്യസ്തമാണ്. ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽവന്നപ്പോൾ 'നമ്മുടെ വളർച്ചയ്ക്കെതിരെ ആരെങ്കിലും പ്രചരണം നടത്തിയാൽ രാജ്യദ്രോഹക്കുറ്റം ചുമത്തി ജയിലിലടയ്ക്കും' എന്നാണ് തെലുങ്കാന മന്ത്രി കഴിഞ്ഞ ദിവസം നടത്തിയ പ്രഖ്യാപനമെന്നത് ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കർണ്ണാടകയിൽ ബംഗളൂരുവിന് 60 കി.മി. അകലംമാത്രമുള്ള സ്ഥലത്ത് ഐഫോൺ കമ്പനി അടിച്ചുതകർത്തതുമൂലം 440 കോടി രൂപയുടെ നഷ്ടമാണ് അവർക്കുണ്ടായത്. മറ്റൊരു സംസ്ഥാനത്ത് വേദാന്ത ഗ്രൂപ്പ് (Vedanta Group Companies)-ന്റെ സ്റ്റെർലിംഗ് കമ്പനിയിൽ നടന്ന സമരത്തിൽ വെടിവച്ചുകൊന്നത് പതിനൊന്നു പേരെയാണെന്ന കാര്യം നാം ഓർക്കേണ്ടതുണ്ട്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് ഇൻഡക്സിൽ അഞ്ചാം സ്ഥാനത്തുള്ള ഝാർഖണ്ഡിൽ വ്യവസായം ആരംഭിക്കുന്നതിനുവേണ്ടി 3000 ആദിവാസികളെയാണ് ജയിലിലടച്ചിട്ടുള്ളതെന്നും നാം അറിയണം. കേരളത്തിൽ ഇത്തരത്തിലുള്ള അനുഭവങ്ങളൊന്നുമില്ല. നിയമവ്യവസ്ഥ പൂർണ്ണമായും പാലിച്ചുകൊണ്ട് ഏത് സംരംഭകർക്കും വ്യവസായം ആരംഭിക്കാനുള്ള അനുയോജ്യമായ സാഹചര്യം കേരളത്തിൽ നിലനിൽക്കുന്നുണ്ടെന്നത് ശ്രദ്ധയിൽപ്പെടുത്തുന്നു.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ അമ്പലമുകളിലുള്ള കിൻഫ്രാ പാർക്കിൽ സ്ഥാപിക്കുന്ന പെട്രോകെമിക്കൽ പാർക്കുമായി ബന്ധപ്പെട്ട് ധാരണാപത്രം ഒപ്പിട്ടിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ശ്രീ. പി. രാജീവ്: സർ, കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എഫ്.എ.സി.ടി. (FACT)-ൽ നിന്നും 481.79 ഏക്കർ സ്ഥലം സംസ്ഥാനം വിലകൊടുത്തുവാങ്ങിക്കൊണ്ട് ഒരു പെട്രോകെമിക്കൽ പാർക്ക് സ്ഥാപിക്കുന്നതിനായി തീരുമാനിക്കുകയുണ്ടായി. ഇതിന്റെ ആങ്കർ യൂണിറ്റ് (anchor unit) BPCL റിഫൈനറി തന്നെയാണ്. അതിനാവശ്യമായ 171 ഏക്കർ സ്ഥലം അനുവദിച്ചുകഴിഞ്ഞു. ബാക്കിയുള്ള 250 ഏക്കർ ഭൂമിയിൽ 61.2 ഏക്കറും ഇതിനോടകം 28 സംരംഭകർക്കായി അനുവദിച്ചുകഴിഞ്ഞിരിക്കുകയാണ്. ബി.പി.സി.എൽ. റിഫൈനറിയുടെ ഉപോത്പന്നമാണ് നമ്മൾ അസംസ്കൃത

LIBRARY ARCHIVES Kerala Legislative Assembly

വസ്തുവായി ഉപയോഗിക്കുന്നത്. എന്നാൽ BPCL (Bharat Petroleum Corporation Limited)-ന്റെ സ്വകാര്യവത്കരണ സാദ്ധ്യത നിലനിൽക്കുന്നതിനാൽ പ്രസ്തുത ഉത്പന്നത്തിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന ഗവൺമെന്റിനുവേണ്ടി കിൻഫ്ര അവരുമായി എം.ഒ.യു.(memorandum of understanding) ഒപ്പുവച്ചിട്ടുണ്ട്. ബി.പി.സി.എൽ. ഉത്പാദിപ്പിക്കുന്ന പ്രോഡക്ടുകളിലൊന്ന് പ്രായമായവരുടെ ഉപയോഗത്തിനുള്ള അണ്ടർപാഡ് നിർമ്മാണത്തിലെ അസംസ്കൃത വസ്തുവാണ്; ഇതുവരെ അത് പുറത്തുനിന്നും ഇറക്കുമതി ചെയ്യുകയായിരുന്നു. ഇപ്പോഴത് റിഫൈനറിതന്നെ ഉത്പാദിപ്പിച്ചു തുടങ്ങിയിട്ടുണ്ട്. അത്തരം സാദ്ധ്യതകൾകൂടി ഉപയോഗപ്പെടുത്തി ഫാർമാ പാർക്കും ഇതിനോടുചേർന്ന് സ്ഥാപിക്കുന്നതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. എം. രാജഗോപാലൻ: സർ, ഉത്തരവാദിത്തനിക്ഷേപം-ഉത്തരവാദിത്തവ്യവസായം എന്ന കാഴ്ചപ്പാട് പ്രായോഗികമാക്കാൻ പദ്ധതി തയ്യാറാക്കുന്നതുമുതൽ സംരംഭം ആരംഭിക്കുന്നതുവരെയുള്ള നടപടിക്രമം ലഘൂകരിക്കാനും സഹായസഹകരണവും മാർഗ്ഗനിർദ്ദേശങ്ങളും നൽകാനും സന്നദ്ധമായിട്ടുള്ള വ്യവസായ വകുപ്പിന്റെ ഇടപെടൽ ശ്ലാഘനീയമാണ്. 'മീറ്റ് ദി മിനിസ്റ്റർ' എന്ന പദ്ധതിക്കുശേഷം 'മീറ്റ് ദി ഇൻവെസ്റ്റർ' എന്ന ആശയവിനിമയ പരിപാടികൂടി ആരംഭിച്ചിരിക്കുകയാണ്. നിക്ഷേപ സൗഹൃദാന്തരീക്ഷം ശക്തിപ്പെടുത്താൻ ഈ ഉജ്ജ്വല സംരംഭത്തിന് കഴിയുമെന്ന കാര്യത്തിൽ തർക്കമില്ല. സംസ്ഥാനത്ത് നിക്ഷേപം നടത്തുന്നതിന് ഏതൊക്കെ സ്ഥാപനങ്ങളുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്; ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് വരുന്ന നിക്ഷേപം എത്രയാണ്; സൃഷ്ടിക്കപ്പെടുന്ന തൊഴിലവസരങ്ങൾ എത്രയാണ്?

ശ്രീ. പി. രാജീവ്: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 3,220 കോടി രൂപയുടെ നിക്ഷേപത്തിനുള്ള പദ്ധതികൾക്ക് തുടക്കംകുറിച്ചു. 'മീറ്റ് ദി ഇൻവെസ്റ്റർ' പരിപാടിയിൽ നാല് ഗ്രൂപ്പുകളുമായി 1,410 കോടി രൂപയുടെ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ടാറ്റാ കൺസൾട്ടൻസിയുമായി ബന്ധപ്പെട്ട കാര്യം ഞാൻ കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ പറഞ്ഞതാണ്. അതിനുശേഷം ടാറ്റാ കൺസൾട്ടൻസി (Tata Consultancy Services)-യുമായി 690 കോടി രൂപയുടെ എം.ഒ.യു. ഒപ്പുവച്ചുകഴിഞ്ഞു. 10000 തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ടാറ്റ ഇലക്സി (Tata Elxsi)-യുടെ 75 കോടി രൂപയുടെ നിർമ്മാണപ്രവർത്തനം പൂർത്തീകരണഘട്ടത്തിലാണ്. അധികം വൈകാതെ കഴക്കൂട്ടത്ത് (തിരുവനന്തപുരം) ഉദ്ഘാടനം ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. 2800 പേർക്ക് നേരിട്ടും 2800 പേർക്ക് പരോക്ഷമായും

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയും. ഇതുകൂടാതെ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി രണ്ട് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ പ്രവർത്തനം ആരംഭിച്ചു. അതിലൊന്നായ കൊല്ലം ജില്ലയിലെ മുണ്ടയ്ക്കലിൽ 24 കോടി രൂപയുടെ നിക്ഷേപമുണ്ട്. 370 തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുമുണ്ട്. മറ്റൊന്നുള്ളത് മലപ്പുറത്തെ കാക്കഞ്ചേരി ഇൻഡസ്ട്രിയൽ എസ്റ്റേറ്റാണ്. എല്ലാ പ്ലോട്ടുകളും കൈമാറിക്കഴിഞ്ഞിരിക്കുകയാണ്. 710 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന 8 കോടി രൂപയുടെ വ്യവസായങ്ങൾ ഇപ്പോൾത്തന്നെ ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ 4299 പുതിയ എം.എസ്.എം.ഇ. യൂണിറ്റുകൾ ആരംഭിച്ചു. 507.83 കോടി രൂപയുടെ നിക്ഷേപം എം.എസ്.എം.ഇ. യൂണിറ്റുകളിൽ മാത്രം വന്നിട്ടുണ്ട്. നൂറ് ദിനങ്ങൾക്കൊണ്ട് പതിനായിരം തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നാണ് പറഞ്ഞിരുന്നതെങ്കിലും എം.എസ്.എം.ഇ. യൂണിറ്റുകൾവഴി മാത്രം 17,448 തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ടെന്ന കാര്യവും അറിയിക്കുകയാണ്.

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, വ്യവസായ സംരംഭകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വ്യവസായ വകുപ്പ് മുൻകയ്യെടുത്തുകൊണ്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; 'മീറ്റ് ദി മിനിസ്റ്റർ' പരിപാടിയുടെ ഭാഗമായി എത്ര പരാതികൾ പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്?

ശ്രീ. പി. രാജീവ്: സർ, വ്യവസായ സംരംഭകരുടെ പരാതികൾ നേരിട്ട് കേൾക്കുന്നതിനുവേണ്ടി ആരംഭിച്ച 'മീറ്റ് ദി മിനിസ്റ്റർ' പരിപാടി പത്ത് ജില്ലകളിൽ പൂർത്തീകരിക്കാൻ കഴിഞ്ഞു. ആദ്യം നടന്ന രണ്ട് ജില്ലകളിലൊഴികെ ബാക്കി എല്ലാ ജില്ലകളിലും ഈ പരിപാടിക്കുശേഷം അവിടത്തെ എം.എൽ.എ.-മാരുമായി ആശയവിനിമയം നടത്തുകയുണ്ടായി. പ്രധാനമായി പരാതികൾ ഉയർന്നുവരുന്ന വകുപ്പുകളിലെ തലവന്മാർ ഉൾപ്പെടെയുള്ളവർ പ്രസ്തുത യോഗങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. വ്യവസായ വകുപ്പിലെ എല്ലാ പ്രധാനപ്പെട്ട ഉദ്യോഗസ്ഥരും ഈ പരിപാടിയിൽ പങ്കെടുക്കുകവഴി ഭൂരിപക്ഷം പരാതികളിന്മേലും തീർപ്പുകൽപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിന്റെ ഭാഗമായിത്തന്നെ 419 സംരംഭകരുമായി നേരിട്ട് ചർച്ച നടത്തിയിട്ടുണ്ട്. ആ ചർച്ചകളിലൂടെ ഉയർന്നുവന്ന ആശയങ്ങളും അവർ മുന്നോട്ടുവച്ചിട്ടുള്ള പ്രശ്നങ്ങളും പരിഹരിക്കുന്നതിനുള്ള ശ്രമങ്ങളും ഗവൺമെന്റ് ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ ഉയർന്നുവന്നിട്ടുള്ള പരാതികളുടെ പരിഹാരത്തിനുശേഷം അവശേഷിക്കുന്നവ ഫോളോ-അപ് ചെയ്യുന്നതിനുവേണ്ടി ഒരു പ്രത്യേക സംവിധാനം മുതിർന്ന ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ രൂപീകരിച്ചിട്ടുണ്ട്. ഈ സംവിധാനം തുടർച്ചയായി കൊണ്ടുപോകാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. ഉദ്യോഗസ്ഥതലത്തിൽത്തന്നെ

LIBRARY ARCHIVES Kerala Legislative Assembly

പരിഹരിക്കേണ്ട കാര്യങ്ങൾക്ക് യഥാസമയം പരിഹാരം ലഭിക്കാതെ വരുന്നതുകൊണ്ടാണ് മന്ത്രിതലത്തിൽ ഇടപെടേണ്ടി വരുന്നത്. അതിന് ശാശ്വത പരിഹാരമുണ്ടാക്കുന്നതിനുവേണ്ടി നിയമപരമായി പിൻബലവും സിവിൽ കോടതിയുടെ അധികാരത്തോടുംകൂടിയ പരാതിപരിഹാര സംവിധാനവുമാണ് ഉദ്ദേശിക്കുന്നത്. വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ 250 രൂപ മുതൽ 10,000 രൂപ വരെ പിഴ ചുമത്താനും വകുപ്പുതല അച്ചടക്ക നടപടി ശിപാർശ ചെയ്യാനുമുള്ള സംവിധാനം കൊണ്ടുവരുന്നതിനുള്ള ഓർഡിനൻസ് പാസ്സാക്കിയ കാര്യവും അറിയിക്കുകയാണ്.

ശ്രീമതി ദെലീമ: സർ, കോവിഡ്മൂലം തകർന്നുപോയ മത്സ്യസംസ്കരണ വ്യവസായ മേഖല നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. രാജീവ്: സർ, കേരളത്തിൽ ഏറെ സാദ്ധ്യതയുള്ള മേഖലയാണ് മത്സ്യസംസ്കരണം. നേരത്തെ കേരളം മത്സ്യക്കയറ്റുമതിയിൽ മുൻപന്തിയിലായിരുന്നു. ഇപ്പോൾ 60 ശതമാനത്തിൽ കൂടുതൽ കയറ്റുമതി നടക്കുന്നത് ആന്ധ്രാപ്രദേശിൽനിന്നാണ്. കേരളം ഇപ്പോൾ രണ്ടാം സ്ഥാനത്തേയ്ക്ക് വന്നിട്ടുണ്ട്. കഴിഞ്ഞ വർഷം മൂന്നാംസ്ഥാനത്തായിരുന്നു. തമിഴ്നാടായിരുന്നു നേരത്തെ രണ്ടാം സ്ഥാനത്തുണ്ടായിരുന്നത്. ഈ മേഖലയിൽ മൂല്യവർദ്ധനവ് പ്രോത്സാഹിപ്പിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ ചേർത്തലയിൽ പുതിയ പാർക്ക് ആരംഭിക്കുന്നതിന് അലോട്ട്മെന്റ് പൂർത്തിയാക്കി പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അനുമതി ലഭ്യമായിട്ടുണ്ട്. കൺസെന്റ് ടു ഓപ്പറേറ്റ് ലഭ്യമായാൽ രണ്ടുമാസത്തിനുള്ളിൽ പ്രവർത്തനമാരംഭിക്കാൻ കഴിയും. കേന്ദ്രഗവൺമെന്റുകൂടി ചേരുന്ന പദ്ധതിയുടെ മാർഗ്ഗനിർദ്ദേശമനുസരിച്ച് രണ്ടുമാസത്തിനുള്ളിൽത്തന്നെ ചേർത്തലയിലെ പുതിയ സീ-ഫുഡ് പ്രോസസ്സിംഗ് പാർക്ക് ഉദ്ഘാടനം ചെയ്യാൻ കഴിയും. മറ്റ് മേഖലകളിലും സാദ്ധ്യതകൾ പരിശോധിച്ചുവരികയാണ്. പുതിയ നിക്ഷേപങ്ങൾക്കുള്ള വാഗ്ദാനങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്നുവെന്നുള്ള കാര്യവും സഭയെ അറിയിക്കുകയാണ്.

ശ്രീ. വി. കെ. പ്രശാന്ത്: സർ, സംസ്ഥാനത്തെ വിവിധ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ കൈവശക്കാരുണ്ടെങ്കിലും പലതും ഒഴിഞ്ഞുകിടക്കുകയാണ്. ഇത് പുതിയ സ്റ്റാർട്ട്-അപ് സംരംഭങ്ങൾക്ക് നൽകി അവയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ കഴിയുമോ; സഹകരണ വകുപ്പ് ആരംഭിച്ച 25-ഓളം യുവജന സഹകരണ സംഘങ്ങൾക്കുകൂടി ഇത്തരം ഒഴിഞ്ഞുകിടക്കുന്ന സ്ഥലവും സഹായവും നൽകുന്ന കാര്യം പരിഗണിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. രാജീവ്: സർ, നാല് തരത്തിലുള്ള വ്യവസായ പാർക്കുകളെയും ഭൂമി ലഭ്യതയെയുംകുറിച്ചുള്ള സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിരുന്നു. അതിൽ വ്യവസായ കേന്ദ്രത്തിന്റെ കീഴിലുള്ള പാർക്കുകളുടെ സ്ഥലം ലഭ്യമല്ല; ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങൾ ലിറ്റിഗേഷനിലുമാണ്. നിലവിലുള്ള ലാൻഡ് ലീസ് പോളിസിയുമായി ബന്ധപ്പെട്ട തർക്കങ്ങൾക്ക് പരിഹാരം കാണുന്നതിനുവേണ്ടി യൂണിഫോം ലാൻഡ് അലോട്ട്മെന്റ് പോളിസിയുടെ ഡ്രാഫ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. ക്രയ വിക്രയങ്ങളിലുണ്ടാകുന്ന പ്രശ്നങ്ങളോ ഒരാൾ മരണപ്പെട്ടാൽ അടുത്തയാൾക്ക് ട്രാൻസ്ഫർ ചെയ്യേണ്ടി വരുന്നതോ പോലുള്ള സങ്കീർണ്ണമായ പ്രക്രിയകൾ ലഘൂകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സിഡ്കോയിലും കെ.എസ്.ഐ.ഡി.സി-കിൻഫ്രയുടെ രണ്ട് പാർക്കുകളിലുമൊഴികെ മറ്റൊരിടത്തും സ്ഥലം ഒഴിവില്ല. കെ.എസ്.ഐ.ഡി.സി-യുടെ കുറ്റ്യാടി പാർക്കിൽ പുതുതായി പ്രവർത്തനം ആരംഭിക്കുന്നിടത്താണ് ഇപ്പോൾ സ്ഥലം ഒഴിവുള്ളത്. പത്തനാപുരം നിയോജകമണ്ഡലത്തിൽ കിൻഫ്രയുടെ പാർക്കിലും ഒറ്റപ്പാലം ഡിഫൻസ് പാർക്കിലും സ്ഥലം ഒഴിവുണ്ട്. ഈ സ്ഥലം പരമാവധി സംരംഭകർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ചെറുപ്പക്കാർക്കും വനിതകൾക്കും പ്രത്യേക പ്രോത്സാഹന പദ്ധതി ഗവൺമെന്റ് മുന്നോട്ടുവച്ചിട്ടുണ്ട്. ഇപ്പോൾ സ്റ്റാർട്ട്- അപ്പിൽ ഐ.ടി. മേഖലയാണ് കൂടുതലായി പരിഗണിക്കുന്നത്. അഗ്രോ-സ്റ്റാർട്ട്-അപ്പുകളും മാനുഫാക്ചറിംഗ് സ്റ്റാർട്ട്-അപ്പുകളുമടങ്ങുന്ന ഒരു പ്രത്യേക പദ്ധതി ഗവൺമെന്റ് ആവിഷ്കരിക്കുന്നതാണ്.

ഡോ. സുജിത് വിജയൻപിള്ള: സർ, വ്യവസായ വകുപ്പിനുകീഴിലെ പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനം റിക്രൂട്ട്മെന്റ് ബോർഡിന് വിടാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ നടപടികൾ ഏതു ഘട്ടംവരെയായി; പുതിയ തൊഴിൽ സാദ്ധ്യതകളെക്കുറിച്ച് ചെറുപ്പക്കാർക്ക് അറിയുന്നവിധത്തിൽ ഓൺലൈൻ സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. രാജീവ്: സർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനത്തെ സംബന്ധിച്ച് പലവിധത്തിലുള്ള അഭിപ്രായങ്ങളും വിമർശനങ്ങളും ഉയർന്നു വന്നിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളിൽ രണ്ട് തരത്തിലുള്ള നിയമനങ്ങളാണ് നടക്കുന്നത്. മാനേജിംഗ് ഡയറക്ടർമാരായി നിയമിക്കുന്നതിനുള്ള യോഗ്യത നിഷ്കർഷിച്ചിരുന്നില്ല. റിയാബിന്റെ ശിപാർശ അംഗീകരിച്ചുകൊണ്ട് പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർമാരുടെ യോഗ്യത സംബന്ധിച്ച് തീരുമാനിക്കുന്നതിനായി ഹൈക്കോടതി മുൻ ജഡ്ജിയുടെ നേതൃത്വത്തിലുള്ള സെലക്ഷൻ കമ്മിറ്റിക്ക് വിട്ടിരിക്കുകയാണ്. പ്രസ്തുത കമ്മിറ്റി പൂർണ്ണമായി മെരിട്ടോറിയസായിട്ടായിരിക്കും തീരുമാനമെടുക്കുന്നത്. പൊതുമേഖലാ

സ്ഥാപനങ്ങളിലെ നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും നേരിട്ടും അല്ലാതെയുള്ള പല വ്യവസ്ഥകളിലുമായാണ് നടന്നിരുന്നത്. പൊതുമേഖലാ സ്ഥാനപനങ്ങളിലെ സ്ഥിരനിയമനങ്ങൾ പൊതുമേഖലാ റിക്രൂട്ട്മെന്റ് ബോർഡിന് വിട്ടുകൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ കരട് ബിൽ ബന്ധപ്പെട്ട വകുപ്പുകളുടെ പരിശോധനയ്ക്കുശേഷം അധികം വൈകാതെ മന്ത്രിയസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കും. നവംബർ മാസത്തോടുകൂടി റിക്രൂട്ട്മെന്റുകളെല്ലാം ഈ സംവിധാനത്തിൻകീഴിലാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. താല്ക്കാലിക നിയമനങ്ങൾ കോൺട്രാക്ട് വ്യവസ്ഥയിൽ ഒതുങ്ങിനില്ക്കുന്നൊരു രൂപത്തിലായിരിക്കണമെന്ന നിർദ്ദേശവും ബന്ധപ്പെട്ട പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നല്കിയിട്ടുണ്ട്. തൊഴിലവസരങ്ങളെക്കുറിച്ച് പൊതുജനങ്ങളെ അറിയിക്കുന്നതിനുള്ള ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം സർക്കാർ പരിഗണിക്കുന്നതാണ്.

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സർ, കാർഷികോല്പന്നങ്ങളിൽനിന്ന് മൂല്യവർദ്ധിത ഉല്പന്നങ്ങൾ തയ്യാറാക്കുന്നതിനുള്ള പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; എത്ര യൂണിറ്റുകൾ ആരംഭിക്കാനാണ് ലക്ഷ്യമിടുന്നത്; അതോടൊപ്പംതന്നെ മെഗാ ഫുഡ്കോർട്ടുമായി ബന്ധപ്പെട്ട നടപടികൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, കാർഷികോല്പന്നങ്ങളിൽനിന്ന് മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കാൻ കഴിയുമെന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് ഗൗരവമായാണ് പരിശോധിക്കുന്നത്. വിശദമായ പദ്ധതിരേഖ തയ്യാറാക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിതല ഉപസമിതിയെ നിശ്ചയിച്ചിട്ടുണ്ടെന്ന കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. പുതിയ സാദ്ധ്യതകളെക്കുറിച്ച് വ്യവസായ വകുപ്പ് ചില പദ്ധതികൾ മുന്നോട്ടുവച്ചിട്ടുണ്ട്. 'ഒരു ജില്ല-ഒരു ഉല്പന്നം' എന്ന പദ്ധതിയുടെ ഭാഗമായി 108-ഓളം സ്ഥാപനങ്ങൾ സന്നദ്ധത അറിയിക്കുകയും ഈ മാസം ഔപചാരികമായ ഉദ്ഘാടനം നിർവ്വഹിക്കുന്നതുമാണ്. പഴങ്ങളിൽനിന്ന് വൈൻ ഉല്പാദിപ്പിക്കാൻ അനുമതി നല്കുന്നതുസംബന്ധിച്ച് മന്ത്രിതലത്തിൽ യോഗം ചേർന്നിരുന്നു. പുതിയ സാദ്ധ്യതകൾ നമുക്ക് പ്രയോജനപ്പെടുത്താൻ കഴിയേണ്ടതുണ്ട്. കൂടാതെ, പ്ലാന്റേഷൻ പോളിസിയുടെ ഭാഗമായി നിശ്ചിത സ്ഥലം മറ്റ് വിളകൾക്കുകൂടി ഉപയോഗിക്കാമെന്നുള്ള വ്യവസ്ഥകൂടി ഉപയോഗപ്പെടുത്തി മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കാൻ കഴിയുമോയെന്ന കാര്യവും പരിശോധിച്ചുവരികയാണ്. ഇതിനുവേണ്ടി ഒരു ടെക്നോളജി സംവിധാനം ആരംഭിച്ചു. കേരളത്തിലെ കേന്ദ്ര ഗവേഷണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ തുടങ്ങിയവയുടെ അറിവുകൂടി

LIBRARY ARCHIVES Kerala Legislative Assembly

ഉപയോഗപ്പെടുത്താനുള്ള പദ്ധതിക്ക് തുടക്കംകുറിച്ചിരിക്കുകയാണ്. കിഴങ്ങു വർഗ്ഗങ്ങളിൽനിന്ന് മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കാമെന്നതിനെക്കുറിച്ചുള്ള ക്ലാസ്സ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിച്ചു. ഇതുകൂടാതെ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ടുകൾ എല്ലാ ജില്ലകളിലും ആരംഭിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുമുണ്ട്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ആദ്യമായി കേരളത്തിലാണ് സ്റ്റാർട്ട്-അപ്പുകൾ ആരംഭിച്ചത്. സ്റ്റാർട്ട്-അപ്പുകൾക്ക് തുടക്കത്തിൽ സഹായം നൽകുമെങ്കിലും തുടർന്ന് സഹായം നല്കാത്തതുകൊണ്ട് അവ മുന്നോട്ടുപോകുന്നില്ലെന്നുള്ള ആക്ഷേപം ഉയർന്നുവന്നിട്ടുണ്ട്. അക്കാര്യം പരിശോധിക്കണം. കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുന്ന ഗ്രീൻ ചാനൽ പദ്ധതിയാണോ സംസ്ഥാനത്ത് നടപ്പിലാക്കാൻ പോകുന്നത്; അതോ പുതിയ ഗ്രീൻ ചാനൽ പദ്ധതിയാണോ എന്ന് വ്യക്തമാക്കാമോ; കഴിഞ്ഞ അഞ്ച് വർഷംകൊണ്ട് എത്ര നിക്ഷേപമാണ് സംസ്ഥാനത്തുണ്ടായിട്ടുള്ളത്?

ശ്രീ. പി. രാജീവ്: സർ, കഴിഞ്ഞ ദിവസം തെക്കേ ഏഷ്യയിലെ ഏറ്റവും വലിയ സ്റ്റാർട്ട്-അപ് സംരംഭം കളമശ്ശേരിയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തുവെന്ന് ഞാനിവിടെ സൂചിപ്പിക്കുകയാണ്. നേരത്തെ ആരംഭിച്ചിരുന്ന സ്റ്റാർട്ട്-അപ് മിഷൻ വിപുലപ്പെടുത്തിയിരുന്നു. ഇപ്പോഴത് തെക്കേ ഏഷ്യയിലെ ഏറ്റവും വലിയ സ്ഥാപനമായി മാറിക്കഴിഞ്ഞിരിക്കുകയാണ്. ഇൻക്യുബേറ്റർ, ആക്സിലറേറ്റർ സ്റ്റാർട്ട്-അപ് സംവിധാനങ്ങൾ എന്നിവ പുതിയ കാലഘട്ടത്തിനനുസൃതമായി ഉപയോഗപ്പെടുത്താനാണ് സർക്കാർ ശ്രമിച്ചു കൊണ്ടിരിക്കുന്നത്. നമുക്ക് അംഗീകൃതമായൊരു സിംഗിൾ വിൻഡോ സിസ്റ്റമുണ്ട്. കേന്ദ്ര ഗവൺമെന്റ് അവതരിപ്പിച്ചിരിക്കുന്ന കേന്ദ്രീകൃത സിംഗിൾ വിൻഡോ സിസ്റ്റത്തിലെ സാദ്ധ്യതകൾ സംസ്ഥാനത്ത് ഇന്റഗ്രേറ്റ് ചെയ്യേണ്ടതുണ്ടോയെന്ന് പരിശോധിച്ചശേഷം തീരുമാനമെടുക്കുന്നതാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ വന്ന നിക്ഷേപങ്ങളെക്കുറിച്ച് നേരത്തെ വ്യക്തമാക്കിയിട്ടുള്ളതാണ്. അസെൻഡ് കേരളയുടെ ഭാഗമായി 151 പ്രോജക്ടുകളിലായി 33,301 കോടി രൂപയുടെ ധാരണാപത്രത്തിൽ ഒപ്പുവച്ചിരിക്കുകയാണ്. 476.26 കോടി രൂപയുടെ 22 പ്രോജക്ടുകൾ ഇതിനോടകം പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. 7,216 കോടി രൂപയുടെ 59 പ്രോജക്ടുകൾ അവസാനഘട്ടത്തിലാണ്. 5,397.22 കോടി രൂപയുടെ 39 പ്രോജക്ടുകൾ കോവിഡ് പ്രതിസന്ധി കാരണം കുറച്ചുകാലത്തേയ്ക്ക് മാറ്റിവയ്ക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനോടനുബന്ധിച്ചുള്ള തുടർപരിശോധന ബഹുമാനപ്പെട്ട മുഖ്യമന്ത്രിതലത്തിലും വ്യവസായ വകുപ്പുമന്ത്രിതലത്തിലും സെക്രട്ടറിതലത്തിലും നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. എം.എസ്.എം.ഇ-കളുടെ വിശദമായ കണക്കിലേയ്ക്ക് ഞാൻ പോകുന്നില്ല. കഴിഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

5 വർഷത്തിനുമുമ്പ് കേരളത്തിലുണ്ടായിരുന്ന എം.എസ്.എം.ഇ.-കളുടെ ഇരട്ടി ഒന്നാം പിണറായി വിജയൻ ഗവൺമെന്റിന്റെ ഭരണകാലത്ത് കേരളത്തിലുണ്ടായിട്ടുണ്ടെന്ന കാര്യംകൂടി സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ ഒരു ഉപചോദ്യം മാത്രം ചോദിക്കണം. എത്ര ചോദിച്ചാലും ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയാൻ തയ്യാറാണ്. പക്ഷേ, ഒരു ഉപചോദ്യമേ ചോദിക്കാവൂ.

ശ്രീ. പി. ഉബൈദുള്ള: സർ, കോവിഡ് സൃഷ്ടിച്ച പ്രതിസന്ധി ഏറ്റവും കൂടുതൽ ബാധിച്ചത് പ്രവാസികളെയാണ്. പതിനാറ് ലക്ഷത്തോളം മലയാളികളാണ് ഇപ്പോൾ വിദേശരാജ്യങ്ങളിൽനിന്നും തിരിച്ചുവന്നത്. പ്രവാസികൾക്കുവേണ്ടി കോടിക്കണക്കിന് രൂപയുടെ പാക്കേജുകൾ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിൽപ്പോലും അവർക്കുവേണ്ടി പ്രത്യേകമായൊരു പദ്ധതിയും ഇതുവരെ തുടങ്ങാൻ സാധിച്ചിട്ടില്ലെന്നത് യാഥാർത്ഥ്യമാണ്. തിരിച്ചെത്തിയ പ്രവാസികളിൽ തൊഴിൽ വൈദഗ്ദ്ധ്യമുള്ള ധാരാളമാളുകളുണ്ട്. അവർക്ക് പ്രത്യേകമായി വ്യവസായ യൂണിറ്റ് ആരംഭിക്കാനുള്ള പദ്ധതി ആവിഷ്കരിക്കുമോ; ടെക്സ്റ്റൈൽ മേഖല ഇന്ന് വലിയ പ്രതിസന്ധി നേരിടുകയാണ്...(മൈക്ക് ഓഫ്)..

മി. സ്പീക്കർ: അതുകൊണ്ടാണ് പ്രത്യേകം പറഞ്ഞത്. ഒന്നിൽ കൂടുതൽ ഉപചോദ്യം അനുവദിക്കാനാവില്ല.

ശ്രീ. പി. രാജീവ്: സർ, ഉപചോദ്യം ഒന്ന് മാത്രമേയുള്ളൂ. അദ്ദേഹം പ്രകടിപ്പിച്ച ആശങ്ക ശരിയാണ്. കോവിഡ് കാലഘട്ടത്തിൽ കേരളത്തിൽ തിരിച്ചെത്തിയ പ്രവാസികളെ പ്രോത്സാഹിപ്പിക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്. അതിന്റെ ഉത്തമോദാഹരണമാണ് MSME-കൾക്ക് നൽകുന്ന പ്രോത്സാഹനം. വ്യവസായ ജില്ലകളായി പരിഗണിക്കപ്പെട്ടിരുന്നത് എറണാകുളം, പാലക്കാട് എന്നിവയാണെങ്കിൽ ഇപ്പോൾ ഏറ്റവും കൂടുതൽ എം.എസ്.എം.ഇ.-കൾ വരുന്ന ജില്ലകളിലൊന്നായി മലപ്പുറം മാറിയിട്ടുണ്ടെന്ന കാര്യം ബഹുമാനപ്പെട്ട അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. നല്ല രീതിയിലുള്ള നിക്ഷേപവാഗ്ദാനം വരുന്നുണ്ട്. കിൻഫ്ര പാർക്കിൽ ബഹുമാന്യനായ അംഗവും ഞാനും ഒന്നിച്ചാണ് ഉദ്ഘാടനത്തിൽ പങ്കെടുത്തത്. ഒഴിഞ്ഞുകിടക്കുന്ന ബാക്കി സ്ഥലവുംകൂടി കൈമാറിക്കഴിഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകയ്യെടുത്ത് നോർക്കയുമായി ചേർന്ന് നിക്ഷേപകരെ പ്രോത്സാഹിപ്പിക്കാനുള്ള രണ്ട് പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. രണ്ടുകോടി രൂപവരെ ലോൺ നൽകുന്ന ഒരു പദ്ധതി കെ.എസ്.ഐ.ഡി.സി. ആരംഭിച്ചിട്ടുണ്ട്. അതിനുമുമ്പുതന്നെ രണ്ടുകോടി രൂപ ലോൺ നൽകുന്ന മറ്റൊരു പദ്ധതിയും മുഖ്യമന്ത്രിയുടെ കോവിഡ് പാക്കേജിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ഭാഗമായി നടപ്പിലാക്കിയിട്ടുണ്ട്. ഉച്ചമായ വരുമാനമുള്ള പ്രവാസികളും തിരിച്ചുവരുന്നുണ്ട്; രണ്ടുകോടി രൂപയുടെ നിക്ഷേപ പദ്ധതിയിലേയ്ക്ക് ഇവർക്ക് എത്താൻ കഴിയില്ല. അവർക്ക് കുടുംബശ്രീയിൽ അംഗങ്ങളാകാൻ അവസരം നൽകും. രണ്ട് ലക്ഷം രൂപ വരെയുള്ള നാനോ പദ്ധതികൾ ആരംഭിക്കാനുള്ള സഹായവും ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്.

ശ്രീ. കെ. പി. മോഹനൻ: സർ, കണ്ണൂരിൽ വച്ചുനടത്തിയ 'മീറ്റ് ദി മിനിസ്റ്റർ' പരിപാടി ശ്രദ്ധേയമായിരുന്നുവെന്ന് മാത്രമല്ല നിർദ്ദേശങ്ങൾ പ്രായോഗികതലത്തിലേയ്ക്കും വന്നിരിക്കുകയാണ്. ചില സാങ്കേതിക തടസ്സങ്ങൾമൂലം കിൻഫ്രയ്ക്കുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ മന്ദഗതിയിലാണ്. അത് ഊർജ്ജിതപ്പെടുത്തുന്നതോടൊപ്പം സൂക്ഷ്മ-ഇടത്തരം സംരംഭകർക്ക് കൂടുതൽ പരിഗണന നൽകിക്കൊണ്ട് യുവസംരംഭകരെക്കൂടി ആകർഷിക്കത്തക്കരീതിയിലുള്ള സംരംഭങ്ങൾ ആവിഷ്കരിക്കാനുള്ള നടപടി സ്വീകരിക്കണം. അത് മടങ്ങിവരുന്ന പ്രവാസികൾക്കടക്കം ഗുണകരമായി വരണമെന്നതാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ശ്രീ. പി. രാജീവ്: സർ, 'മീറ്റ് ദി മിനിസ്റ്റർ' പരിപാടി സംബന്ധിച്ച് ഞാൻ നേരത്തെ സൂചിപ്പിച്ചിരുന്നു. അതിന്റെ കണക്ക് അപ്പോൾ പറയാൻ കഴിഞ്ഞില്ല. 1301 പരാതികൾ ലഭിച്ചതിൽ 634 എണ്ണത്തിനും അവിടെവച്ചുതന്നെ തീർപ്പുകൽപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നു കൊണ്ടിരിക്കുകയാണ്. കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴിയുടെ കാര്യത്തിൽ ഉദ്ദേശിച്ച വേഗതയിൽത്തന്നെ ഓരോ ഘട്ടവും മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞിട്ടുണ്ട്. കൂടുതൽ ഭൂമി ലഭ്യമായിക്കൊണ്ടിരിക്കുന്ന സ്ഥലം കണ്ണൂരാണ്. അവിടെയും ഭൂമി ഏറ്റെടുക്കലിന് പ്രത്യേക സംവിധാനം ഒരുക്കിയിട്ടുണ്ട്. ചെറുപ്പക്കാർ ഉൾപ്പെടെയുള്ളവർക്ക് പ്രോത്സാഹനം നൽകാൻ കഴിയുന്ന രൂപത്തിലുള്ള പദ്ധതികളും ഗവൺമെന്റ് ആവിഷ്കരിക്കുന്നുണ്ട്. എം.എസ്.എം.ഇ-കളുടെ വളർച്ച ആദ്യത്തെ M-ആയ micro-യിലാണ് കൂടുതലായി എത്തി നിൽക്കുന്നത് എന്നതാണ് കേരളത്തിലെ പ്രശ്നം. മൈക്രോ ആയി കഴിഞ്ഞാൽ S-ആയ Small-ലേയ്ക്ക് ഉയർത്തിക്കൊണ്ടുവരാനും Small-നെ അടുത്ത M-ആയ Medium-ത്തിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരാനും കഴിയണം. അങ്ങനെ വന്നാൽ മാത്രമേ മൊത്തം ജി.ഡി.പി.യിൽ വ്യവസായത്തിന്റെ പങ്ക് വർദ്ധിപ്പിക്കാൻ കഴിയുകയുള്ളൂ. അതിനുള്ള പദ്ധതിയും സർക്കാർ ആവിഷ്കരിച്ചു കൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. റോജി എം. ജോൺ</u>: സർ, നിക്ഷേപങ്ങൾ ആകർഷിക്കുന്നതോടൊപ്പം തന്നെ നിലവിലുള്ള വ്യവസായങ്ങൾ പ്രത്യേകിച്ച് പരമ്പരാഗത വ്യവസായങ്ങൾ വലിയ പ്രതിസന്ധി നേരിട്ടു കൊണ്ടിരിക്കുകയാണെന്ന വിഷയവുമുണ്ട്. അങ്കമാലി കേന്ദ്രമായി പ്രവർത്തിക്കുന്ന ബാംബൂ കോർപ്പറേഷൻ കേരളത്തിലുടനീളം ആയിരക്കണക്കിന് തൊഴിലാളികൾ തൊഴിലെടുക്കുന്ന ഒരു വ്യവസായമാണ്. ഈറ്റയുടെ ലഭ്യതക്കുറവുമൂലം പല നെയ്ത്തുകേന്ദ്രങ്ങളും ഇപ്പോൾ അടഞ്ഞുകിടക്കുന്ന സാഹചര്യമുണ്ട്. ഈറ്റയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് സർക്കാരിന്റെ കൃത്യമായ ഇടപെടൽ ആവശ്യമാണ്. അതുപോലെ സി. & എ.ജി.-യുടെ ഓഡിറ്റിൽ ബാംബൂ കോർപ്പറേഷനിൽ കോടിക്കണക്കിന് രൂപയുടെ ക്രമക്കേട് നടന്നിട്ടുള്ളതായി പത്രമാധ്യമങ്ങളിലൂടെ റിപ്പോർട്ട് പുറത്തുവരികയുണ്ടായി. അത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതുസംബന്ധിച്ച് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഈറ്റയുടെ ലഭ്യത ഉറപ്പുവരുത്താനായി സർക്കാർ ഇടപെടുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ ആദ്യത്തെ ചോദ്യം പ്രസക്തമാണ്. ഈറ്റ ലഭ്യതയെക്കുറിച്ചുള്ള പ്രശ്നം സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗംതന്നെ നിവേദനം നൽകിയിട്ടുണ്ട്. കൂടാതെ എല്ലാ ട്രേഡ്യൂണിയനുകളും ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തുകയുമുണ്ടായി. ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയും ഞാനും ചേർന്ന് അതുസംബന്ധിച്ച് യോഗം നടത്തിയിരുന്നു. സെക്രട്ടറിതലത്തിലും യോഗം ചേർന്നിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പതിനായിരം ടൺ ഈറ്റ എടുക്കുന്നതിനുള്ള അംഗീകാരം ബാംബൂ കോർപ്പറേഷന് നൽകിയിട്ടുണ്ടെന്ന കാര്യം അറിയിക്കുകയാണ്. പ്രായോഗികതലത്തിൽ വരുമ്പോൾ ചില തടസ്സങ്ങളുണ്ടായിരുന്നു. ഈറ്റ ലഭ്യമല്ലാത്ത മേഖലയിലാണ് ആദ്യം വകുപ്പുദ്യോഗസ്ഥർ അലോട്ടുമെന്റ് നൽകിയത്. എന്നാൽ ഈറ്റയുള്ള അടിമാലി, മൂന്നാർ മേഖലയിൽനിന്നുതന്നെ വേണമെന്നകാര്യം വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും അദ്ദേഹം ഇടപെടുകയും ചെയ്തിട്ടുണ്ട്. ഈറ്റ ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള ശ്രമങ്ങൾ അദ്ദേഹം നടത്തിയിട്ടുണ്ട്. സി. & എ.ജി. റിപ്പോർട്ടിനെക്കുറിച്ചുള്ള ചർച്ചയും മറ്റ് കാര്യങ്ങളും സംബന്ധിച്ച് സഭയ്ക്ക് നല്ല ധാരണയുള്ളതാണല്ലോ. മാധ്യമ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി പ്രതികരിക്കുന്നത് അനുചിതമായിരിക്കുമെന്നാണ് കരുതുന്നത്.

വനം-വന്യജീവി വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): സർ, ബഹുമാനപ്പെട്ട അംഗം ഈറ്റ ലഭ്യതയെക്കുറിച്ച് സംസാരിക്കുകയുണ്ടായി. ഇത് ലഭ്യമാക്കാൻ ത്വരിതഗതിയിലുള്ള നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽ 1997-ൽ അടച്ചുപൂട്ടിയ പവർ ലൂം ഫാക്ടറിയുടെ ഒന്നര ഏക്കർ സ്ഥലത്ത് വ്യവസായ പാർക്ക് തുടങ്ങാൻ സാധിക്കുമോ?

ശ്രീ. പി. രാജീവ്: സർ, സ്പിന്നിംഗ് മില്ലുകൾ, കൈത്തറി സഹകരണ സംഘങ്ങൾ, ഖാദി സംഘങ്ങൾ, കയർ ബോർഡിന്റെ സംഘങ്ങൾ എന്നിവയുടെയെല്ലാം ഉപയോഗപ്പെടുത്താൻ കഴിയുന്ന കുറെ സ്ഥലം പലയിടങ്ങളിലായി കാടുപിടിച്ച് കിടക്കുന്നുണ്ട്. അതുസംബന്ധിച്ച റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് എന്തെല്ലാം പദ്ധതികൾ നമുക്ക് ആരംഭിക്കാൻ കഴിയുമെന്ന കാര്യം പരിശോധിക്കുന്നതാണ്. അതോടൊപ്പംതന്നെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ദശകങ്ങളായി ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയെക്കുറിച്ചുള്ള റിപ്പോർട്ടും ആവശ്യപ്പെട്ടിട്ടുണ്ട്. കഴിയുമെങ്കിൽ വ്യവസായ പാർക്കുകളെ വികസിപ്പിക്കാൻ കഴിയുമോ എന്നകാര്യവും സർക്കാർ പരിശോധിക്കുന്നതായിരിക്കും.

മി. സ്പീക്കർ: *33-ാം നമ്പർ ചോദ്യവുമായി *45-ാം നമ്പർ ചോദ്യം ക്ലബ്ബ് ചെയ്യുന്നതിന് ശ്രീ. എ. കെ. എം. അഷ്റഫ്, എം.എൽ.എ. നോട്ടീസ് നൽകിയിട്ടുണ്ട്. സമാനമായതുകൊണ്ട് ക്ലബ്ബിംഗ് അനുവദിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രിക്ക് ഒരുമിച്ച് മറുപടി പറയാവുന്നതാണ്.

## വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ കരട് താരിഫ് നയം

4 (*33) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. കെ. പി. എ. മജീദ്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) വൈദ്യുതി നിരക്ക് നിർണ്ണയിക്കുന്നതിനുള്ള റെഗുലേറ്ററി കമ്മീഷന്റെ കരട് താരിഫ് നയത്തിൽ സ്വകാര്യമേഖലയ്ക്ക് കൂടുതൽ ലാഭവിഹിതം അനുവദിക്കുന്നതിന് വ്യവസ്ഥ ചെയ്തിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) പ്രസ്തുത നയത്തിൽ കെ.എസ്.ഇ.ബി.എൽ-നും വിവിധ വിതരണ ഏജൻസികൾക്കും വ്യത്യസ്ത വൈദ്യുതി നിരക്കുകൾ ഈടാക്കാനുള്ള നിർദ്ദേശമുണ്ടോ; വ്യക്തമാക്കുമോ?

(സി) പ്രസ്തുത നയം സ്വകാര്യവൽക്കരണത്തെ പ്രോത്സാഹിപ്പിക്കുന്നതും സർക്കാർ നയങ്ങൾക്ക് വിരുദ്ധവുമാണെന്ന ആരോപണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly